(10) 2004-ലെ കേരള പഞ്ചായത്ത് രാജ് നഗരപാലികാ മെനേഴ്സ് ക്ഷേമനിധി ബിൽ

[നോട്ടീസ് നൽകിയ അംഗം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.]

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർ ചർച്ച :

(1) 2002-ലെ കേരള സംസ്ഥാന പുരാതന പൈതൃക സ്വത്തുക്കൾ സംരക്ഷണ ബിൽ-

[ചർച്ച തുടർച്ച]

ശ്രീ. എ. സുജനപാൽ : സർ, 2002-ലെ കേരള സംസ്ഥാന പുരാതന പൈതൃക സ്വത്തുക്കൾ സംരക്ഷണ ബില്ലിന്റെ ചർച്ച ഞാൻ തുടരുകയാണ്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തേ സൂചിപ്പിച്ച കാര്യം വീണ്ടും ആവർത്തിക്കുന്നില്ല. പക്ഷേ ഓരോ വർഷം കൂടുംതോറും കേരളത്തിന്റെ പൈതൃക സ്വത്തുക്കളും അമൂല്യങ്ങളായ പുരാതന വസ്തുക്കളുമൊക്കെ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇവ സംരക്ഷിക്കാൻ വേണ്ടിയുള്ള നിയമനിർമ്മണങ്ങൾ ഉണ്ട് എന്നാണ് നേരത്തെ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എം. ഹസ്സൻ പറഞ്ഞത്. ഇപ്പോഴും ഗവൺമെന്റ് ആ നിലപാടിൽ തന്നെയാണ് എന്നാണ് ഞാൻ കരുതുന്നത്. സ്വകാര്യ ബില്ലുകളെ സംബന്ധിച്ചിടത്തോളം പാർലമെന്ററി കാര്യവകുപ്പുമന്ത്രി സ്വകാര്യ ബില്ലുകളുടെ ആരാച്ചാരായി മാറുന്ന ഒരു അവസ്ഥയാണുള്ളത്.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അങ്ങയുടെ അതിരൂക്ഷമായ പദ പ്രയോഗത്തിന് ഞാൻ വിധേയനാകേണ്ടിവന്നതിൽ എനിക്ക് ദു:ഖമുണ്ട്. പക്ഷേ എന്നോട് അല്പം സൗഹൃദം കൂടി കാണിക്കണം. ഇത് താങ്ങാനുള്ള ശക്തി എനിക്കില്ല. കാരണം, ഞാൻ വളരെ ദുർബ്ബലനാണ്.

ശ്രീ. ജി. കാർത്തികേയൻ : ആരാച്ചാർ എന്ന് പറയുന്നത് മോശപ്പെട്ട ജോലിയല്ല. പണ്ട് രാജഭരണം ഉണ്ടായിരുന്നപ്പോൾ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആളുകളെ വധിക്കാൻവേണ്ടി സർക്കാർ നിയോഗിച്ചിരുന്ന ആളാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ആരാച്ചാർ എന്നതിന് അറപ്പുകാരൻ എന്ന പദപ്രയോഗവും ഉണ്ട്.

ശ്രീ. എ. സുജനപാൽ : അതിന്റെ അർത്ഥം എന്തായലും ഫലം ഇതുപോലെയാണ്. സ്വകാര്യ ബില്ലുകളൊക്കെ ഇവിടെ അവതരിപ്പിക്കുക, അതിനെയൊക്കെ ഗവൺമെന്റ് നിഷേധാത്മകമായി കാണുക എന്നുള്ള ഒരു നയം അൽപ്പം മാറ്റണം. ബഹുമാനപ്പെട്ട ചെയറിനോട് എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത് പാർലമെന്ററികാര്യ വകുപ്പുമന്ത്രി എല്ലാ വിഷയങ്ങളിലും ഒരുപോലെ മറുപടി പറയുകയും എല്ലാറ്റിനേയും നിഷേധമായി കാണുകയും ചെയ്യുക എന്നുള്ള നിലപാട് മാറ്റിയിട്ട് ബന്ധപ്പെട്ട മന്ത്രി ഈ വകുപ്പുമായി ബന്ധപ്പെട്ട നയങ്ങളെക്കുറിച്ച് പറയാൻ ആധികാരികമായി അവകാശപ്പെട്ട ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly